ഉത്തരം

(എ) ആദ്യഘട്ടത്തിൽ എട്ടും രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 6 (ആറ്).

(സി) നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ആദ്യഘട്ടത്തിൽ അഴീക്കലിലും രണ്ടാം ഘട്ടത്തിൽ തലശ്ശേരിയിലും ഓരോ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) ഇവയിൽ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(എഫ്) പുതുതായി കെട്ടിടവും കടലിൽ റോന്ത് ചുറ്റുന്നതിന് ബോട്ടുകളും താഴെ പറയുന്ന തസ്തികകളും വേണമെന്ന് നിശ്ചയിച്ചിട്ടുണ്ട്:

സി.ഐ.-1, എസ്.ഐ.-3, മാസ്റ്റർ ഡ്രൈവേഴ്സ് (എ.എസ്.ഐ.റാങ്ക്)-3, എച്ച്.സി-9, പി.സി.-30, ബോട്ട് ഡ്രൈവർ-6, ലാസ്കർ-6, ക്രാങ്ക്-6, ജീപ്പ് ഡ്രൈവർ-2, പി.ടി.എസ്-1.

(ജി) രണ്ടാം ഘട്ടത്തിൽ അനുവദിച്ച പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം കണ്ടെത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി**

**54(344)** ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

**55(345)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly